ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ്-695 033

ഇ-മെയിൽ: secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നം.15811/ലിബ് 2/2023/നി. സെ.

തിരുവനന്തപുരം
08/12/2023

## താത്പര്യപത്രം ക്ഷണിക്കുന്നു

നിയമസഭാ ലൈബ്രറിയുടെ നവീകരണത്തോടനുബന്ധിച്ച് നിയമസഭാ ലൈബ്രറിയുടെ നൂറ് വർഷത്തെ ചരിത്രം കോർത്തിണക്കിയ അൻപതോളം ഫോട്ടോകൾ എടുത്ത് ഒരു വലിയ ഫ്രെയിമിൽ ഉൾക്കൊള്ളിച്ച് 8×4 അടി വലിപ്പത്തിൽ Mat Finish- ൽ പ്രിന്റ് ചെയ്ത് ഫ്രെയിം ഇട്ട് ലൈബ്രറിയുടെ കൗണ്ടറിന്റെ മുൻവശത്തെ ചുവരിൽ പ്രദർശിപ്പിക്കുന്നതിന് കരാറിലേർപ്പെടാൻ വിവിധ വ്യക്തികളിൽ/ സ്ഥാപനങ്ങളിൽ നിന്നും താത്പര്യപത്രം ക്ഷണിക്കുന്നു.

താല്പര്യമുള്ള സ്ഥാപനങ്ങൾ, സ്ഥാപനത്തെ സംബന്ധിച്ച വിശദാംശങ്ങൾ, ഈ മേഖലയിലെ പ്രവൃത്തി പരിചയം, ക്വാട്ട് ചെയ്യുന്ന തുക (നികുതികൾ ഉൾപ്പെടെ), പേയ്മെന്റ് നിബന്ധനകൾ, പൂർത്തിയാക്കുവാൻ ആവശ്യമായ സമയം, ബന്ധപ്പെട്ട മറ്റ് വിശദാംശങ്ങൾ എന്നിവ വ്യക്തമാക്കുന്ന മുദ്രവച്ച താത്പര്യപത്രങ്ങൾ 12/12/2023 **വൈകിട്ട് 4.00** മണിക്ക് മുൻപായി <u>സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം- 695033</u> എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. താത്പര്യപത്രങ്ങൾ അന്നേ ദിവസം വൈകിട്ട് 04.30 മണിക്ക് പങ്കെടുത്ത വ്യക്തികളുടെ/സ്ഥാപന പ്രതിനിധികളുടെ സാന്നിധ്യത്തിൽ നിയമസഭാ സെക്രട്ടറിയുടെ ഓഫീസ് മുറിയിൽവച്ച് തുറന്ന് പരിശോധിക്കുന്നതാണ്. ഏതെങ്കിലും കാരണത്താൽ അന്നേ ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ആയത് തുറന്ന് പരിശോധിക്കുന്നതാണ്. താത്പര്യപത്രങ്ങൾ ഉള്ളടക്കം ചെയ്യുന്ന കവറിന് പുറത്ത് "നിയമസഭാ ലൈബ്രറിയുടെ നൂറ് വർഷത്തെ ചരിത്രം കോർത്തിണക്കിയ ഫോട്ടോകൾ ഫ്രെയിം ചെയ്ത് ലഭ്യമാക്കുന്നതിനുള്ള

താത്പര്യപത്രം" എന്ന് രേഖപ്പെടുത്തേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത താത്പര്യപത്രങ്ങൾ സ്വീകരിക്കുന്നതല്ല. മേൽ പരാമർശിച്ച താത്പര്യപത്രവുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് നിയമസഭാ ലൈബ്രറിയുമായി ബന്ധപ്പെടേണ്ടതാണ് (0471 2512522).

താത്പര്യപത്രങ്ങൾ സ്വീകരിക്കുന്നതിനോ യാതൊരു കാരണവും വ്യക്തമാക്കാതെ നിരസിക്കുന്നതിനോ ഉള്ള അധികാരവും ലഭ്യമാകുന്ന താത്പര്യപത്രങ്ങളുടെ അടിസ്ഥാനത്തിൽ ചുരുക്കപ്പട്ടിക തയ്യാറാക്കുന്നതിനുള്ള അവകാശവും നിയമസഭാ സെക്രട്ടേറിയറ്റിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

സ്പെഷ്യൽ സെക്രട്ടറി
നിയമസഭാ സെക്രട്ടേറിയറ്റ്

വിലാസം:-
സെക്രട്ടറി
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
വികാസ് ഭവൻ P.O.
തിരുവനന്തപുരം – 695033
Contact No: 0471 -2512522, 9497772301
Website : www.niyamasabha.org
Email: library@niyamasabha.nic.in